2

IT

LAB
29-06-14
Vol. II

**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4311

26.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## അഖിലേന്ത്യാ മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

എ) അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കുമോ ;

ബി) ഈ സ്ഥാപനങ്ങളിൽ ഏതെല്ലാം മത്സര പരീക്ഷകൾക്കാണ് പരിശീലനം നൽകുന്നതെന്നും എത്രയാണ് പരിശീലന കാലയളവെന്നും വിശദമാക്കുമോ;

സി) ഓരോ പരിശീലന പരിപാടിക്കും ചേരുന്നതിന് എന്തെല്ലാം യോഗ്യതകളാണ് ആവശ്യമെന്നും അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

സെന്റർ ഫോർ കണ്ടിന്യുയിംഗ് എഡ്യുക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയാണ് അഖിലേന്ത്യാ തലത്തിലുള്ള മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത്.

(ബി) യും (സി)യും

വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | പരിശീലന പരിപാടികൾ | കോഴ്സ് കാലാവധി | സെലക്ഷൻ | യോഗ്യത |
|---|---|---|---|---|
| 1 | സിവിൽ സർവീസ് പ്രിലിമിനറി കോഴ്സ് | 6 മാസം | പ്രവേശന പരീക്ഷ മുഖേന | ബിരുദം |
| 2 | സിവിൽ സർവീസ് പ്രിലിംസ് ക്രാഷ് കോഴ്സ് | 2 മാസം | നേരിട്ട് | ബിരുദം |
| 3 | സിവിൽ സർവീസ് മെയിൻസ് കോഴ്സ് | 4 മാസം | നേരിട്ട് | സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷ എഴുതിയവർ /പാസ്സായവർ |
| 4 | സിവിൽ സർവീസ് മാതൃകാ ഇന്റർവ്യൂ | 15 ദിവസം | നേരിട്ട് | സിവിൽ സർവീസ് മെയിൻ പരീക്ഷ പാസ്സായവർ |
| 5 | നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ (എൻ.ടി.എസ്.ഇ) മെയിൻ പരീക്ഷ പരിശീലനം | 1 മാസം | നേരിട്ട് | എൻ.ടി.എസ്.ഇ പ്രിലിമിനറി പരീക്ഷ പാസ്സായവർ |

യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അതാത് കോഴ്സകളിലേയ്ക്ക് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള മുഖേന അപേക്ഷ നൽകാവുന്നതാണ്. വിശദ വിവരങ്ങൾ സെന്ററിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.